# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3460 : 14/10/2011 -ൽ മറുപടിക്ക്**

**പുതിയ വ്യവസായ നയം**

**ചോദ്യം** **ഉത്തരം**

ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**

(വ്യവസായവും
വിവരസാങ്കേതികവും നഗരകാര്യവും
വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ വ്യവസായ നയത്തിന്റെ കരട് ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. എല്ലാ മേഖലയിലും വിദേശീയവും സ്വദേശീയവുമായ നിക്ഷേപ പ്രോത്സാഹനവും മാനവവിഭവശേഷി വികസനവും വഴി കൂടുതൽ സ്ഥാപനങ്ങൾ വികസിപ്പിച്ച് തൊഴിൽ ഉൽപാദനവും കയറ്റുമതിയും അതിലൂടെ സംസ്ഥാനത്ത് മുഴുവൻ സാമ്പത്തിക ഉന്നമനവും ഉണ്ടാക്കുകയാണ് പുതിയ വ്യവസായ നയത്തിന്റെ പ്രധാന ലക്ഷ്യം. |
| (ബി) | വിദേശരാജ്യങ്ങളുമായി ദീർഘകാല വാണിജ്യവ്യവസായ ബന്ധം സ്ഥാപിക്കാൻ കരട് നയത്തിൽ വ്യവസ്ഥയുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. വിദേശരാജ്യങ്ങളുമായി ദീർഘകാല വാണിജ്യ വ്യവസായ ബന്ധം സ്ഥാപിക്കാൻ കരട് നയത്തിൽ വ്യവസ്ഥയുണ്ട്. കേരള സാമ്പത്തിക വ്യവസ്ഥയെ ശ്രീലങ്ക, തെക്ക് കിഴക്കൻ ഏഷ്യ, മധ്യ കിഴക്ക്, ഇന്ത്യയുടെ ഇതര ഭാഗങ്ങൾ എന്നീ നാലു പ്രധാന മേഖലകളുമായി സാമ്പത്തിക ബന്ധം സ്ഥാപിക്കുന്നതിനായി അവയുടെ സമ്പദ് വ്യവസ്ഥയുമായി യോജിക്കുന്ന രീതിയിലാണ് കരട് നയം രൂപീകരിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | നിക്ഷേപകരെയും ടൂറിസ്റ്റുകളെയും മറ്റും ആകർഷിക്കുന്നതിനുളള കർമ്മപരിപാടി നയത്തിൽ ഉൾക്കൊള്ളിക്കുമോ; | (സി) | ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | ഏകജാലക ക്ലിയറൻസ് സംവിധാനം അഴിച്ചുപണിയാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഏകജാലക സംവിധാനം എല്ലാ സംരംഭകരെയും ഉൾപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുവാനും, സമയാധിഷ്ഠിതമായി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാനും കരട് വ്യവസായ നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ഇ) | വൈദ്യുതി, വെളളം, റോഡ് തുടങ്ങി അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായ സ്ഥലങ്ങളിലെല്ലാം വ്യവസായ പാർക്കുകൾ സ്ഥാപിക്കാനുളള വ്യവസ്ഥ നയത്തിൽ ഉൾപ്പെടുത്തുമോ? | (ഇ) | ഊർജ്ജം, ജലം, റോഡുകൾ, മാലിന്യ സംസ്കരണ ശാലകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വളരെ എളുപ്പം ലഭ്യമാക്കുന്ന വ്യവസായ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ കൊണ്ടുവരാൻ സർക്കാർ പ്രോത്സാഹനം നൽകുമെന്ന് കരട് വ്യവസായ നയത്തിൽ പ്രതിപാദിക്കുന്നു. |

സെക്ഷൻ ഓഫീസർ